## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *426 | 29.06.2012 ൽ മറുപടിയ്ക്ക്

## സംസ്ഥാനത്തെ കാർഷിക പ്രതിസന്ധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>,, എം.എ. ബേബി<br>,, എ.എം. ആരിഫ്<br>,, കെ. ദാസൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സംസ്ഥാനത്തെ കാർഷിക പ്രതിസന്ധിക്ക് കാരണമായ ഘടകങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. കാർഷിക പ്രതിസന്ധിക്ക് കാരണമായ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്.<br><br>എ. പ്രകൃതിക്ഷോഭം, രോഗങ്ങൾ എന്നിവ മൂലം ഉണ്ടാകുന്ന കൃഷിനാശം.<br><br>ബി. ഉൽപ്പാദനോപാധികളുടെ പ്രത്യേകിച്ച് വളത്തിന്റെയും കീടനാശിനികളുടെയും വിലക്കയറ്റവും, ദൗർലഭ്യവും.<br><br>സി. കൂടിയ പലിശ നിരക്കിലുള്ള വായ്പയും തൻമൂലമുള്ള കടക്കെണിയും<br><br>ഡി. കാർഷികോല്പന്നങ്ങളുടെ വിലയിടിവ്.<br><br>ഇ. പരിചയസമ്പന്നരായ കർഷക തൊഴിലാളികളുടെ ലഭ്യതകുറവും ഉയർന്ന കൂലിയും. |
| (ബി) | ഉദാരവത്ക്കരണ നയങ്ങളിൽ നിന്നും സ്വതന്ത്ര വ്യാപാര കരാറുകളിൽ നിന്നും പിന്മാറാനും സബ്സിഡികൾ ശക്തിപ്പെടുത്താനും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാൻ സർക്കാർ തയ്യാറാകുമോ; | (ബി) | ഉദാരവൽക്കരണ നയങ്ങളിൽ നിന്നും സ്വതന്ത്ര വ്യാപാരകരാറുകളിൽ നിന്നും പിൻമാറുകയെന്നതിനേക്കാൾ, അവയിലെ നല്ല വശത്തെ പരമാവധി പ്രയോജനപ്പെടുത്തുകയാണ് പ്രധാനം. ഒപ്പം നമ്മെ പ്രതികൂലമായി ബാധിക്കുന്ന കരാറുകളെ പുനർചിന്തനം ചെയ്യുവാനും WTO നയങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് സബ്സിഡികൾ ശക്തിപ്പെടുത്തുവാനും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നതാണ്. |
| (സി) | കാർഷിക പ്രതിസന്ധിയിൽ ഇവയ്ക്കുള്ള പങ്ക് വ്യക്തമാക്കുമോ ? | (സി) | ഇന്നത്തെ കാർഷിക പ്രതിസന്ധിക്ക് പരോക്ഷമായെങ്കിലും ഉദാരീകരണവും സ്വതന്ത്ര |

വ്യാപാരകരാറുകളും കാരണമായെന്നിരിക്കാം. ആസിയാൻ കരാറിൽ പ്രത്യേക ഉൽപന്ന (Special products) വിഭാഗത്തിലുൾപ്പെട്ട വിളകളായ കുരുമുളക്, കാപ്പി, തേയില പാം ഓയിൽ എന്നിവ നമ്മുടെ നാണ്യവിളകളെയും അതുവഴി കേരളത്തിന്റെ കാർഷിക രംഗത്തെയും പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്. നൂതനസാങ്കേതിക വിദ്യയിലൂടെ ഉത്പാദനക്ഷമത വർധിപ്പിക്കൽ, ഗുണമേന്മ ഉറപ്പാക്കൽ, മെച്ചപ്പെട്ട വിപണന തന്ത്രങ്ങൾ, ഏറ്റവും മികച്ച അന്തർദേശീയ വിപണി കണ്ടെത്തൽ തുടങ്ങിയവയിലൂടെ ഈ പ്രതികൂലഘടകങ്ങളെ തരണം ചെയ്യാനുള്ള പരിശ്രമം നടത്തിവരികയാണ്.

സെക്ഷൻ ഓഫീസർ